**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6313** **20-03-2023 - ൽ മറുപടിയ്ക്ക്**

**സ്റ്റൈപന്റ്/ലംപ്സം ഗ്രാൻഡ് വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2022 -23 വർഷത്തിൽ അൺ എയിഡഡ്/ എയിഡഡ്/ഗവൺമെന്റ് കോളേജുകളിൽ പ്രവേശനം നേടിയ (ഡിഗ്രി തലം മുതൽ മാസ്റ്റർ ഡിഗ്രി വരെ) എസ്.സി.,എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ സ്റ്റൈപന്റ്/ലംപ്സം ഗ്രാൻഡ് വാങ്ങുന്നുണ്ടെന്ന് അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | 2022-23 വർഷത്തിൽ സ്റ്റൈപന്റ്/ലംപ്സം ഗ്രാൻഡ് വിതരണത്തിൽ തടസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിട്ടുവെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടു കൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കുവാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതിക വിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അദ്ധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ